| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| പത്തൊൻപതാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1781 | | | 10/03/2020 ൽ മറുപടിക്ക് |
| മുൻ മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ് | | | |
| ചോദ്യം | | | മറുപടി |
| ശ്രീ. പുരുഷൻ കടലുണ്ടി | | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | അവിഹിത സ്വത്ത് സമ്പാദനം, പദ്ധതി നടത്തിപ്പിലെ ക്രമക്കേട്, നിർമ്മാണ പ്രവൃത്തികളിലെ അപാകത തുടങ്ങിയ ഗുരുതരമായ ആരോപണങ്ങളെത്തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്തെ എത്ര മന്ത്രിമാർക്കെതിരെയാണ് ഇപ്പോൾ വിജിലൻസ് കേസ് നിലനിൽക്കുന്നത്; എത്ര പേർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടെന്നും അറിയിക്കാമോ; | (എ) യും (ബി) യും | 2011 - 2016 കാലയളവിലെ മുൻ മന്ത്രിസഭയിലുള്ള 11 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. വി. എസ്. ശിവകുമാറിനെതിരെ ഒരു സത്വരാന്വേഷണവും നടന്നു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഭരണതലത്തിലെ ഇത്തരം ഗുരുതരമായ ക്രമക്കേടുകൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | കേസ് | കുറ്റാരോപിതൻ | കുറ്റച്ചുരുക്കം | തൽസ്ഥിതി |
|---|---|---|---|---|
| 1. | വി.സി 17/2016/എസ്.സി.ഇ | മുൻ എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു | അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് | ബഹു. വിജിലൻസ് കോടതി മൂവാറ്റുപുഴ മുമ്പാകെ കുറ്റപത്രം സമർപ്പിച്ച് CC2/18 ആയി വിചാരണയിലാണ്. |
| 2.. | വി.സി 5/2016/സി.ആർ.ഇ | മുൻ എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു | 2011 - 16 കാലഘട്ടത്തിൽ അന്യായമായി ബാർ ലൈസൻസുകൾ അനുവദിച്ചത് സംബന്ധിച്ച് | അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് സൂക്ഷ്മപരിശോധനയിലാണ്. |
| 3. | വി.സി. 03/2017/എസ്.ഐ.യു.-I | ശ്രീ. ഉമ്മൻ ചാണ്ടി, മുൻ കേരള മുഖ്യമന്ത്രി | പാറ്റൂർ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് | ബഹു. കേരളാ ഹൈക്കോടതി 09/02/2018 ലെ WP(C) 36735/18 മേലുള്ള ഉത്തരവ് പ്രകാരം ഈ കേസിന്റെ തുടർനടപടികൾ റദ്ദുചെയ്തിട്ടുണ്ട്. തിരുവനന്തപുരം ബഹു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതി 06/03/2018 ൽ കേസിൽ തുടർനടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്. |
| 4. | വി.സി 05/16/എസ്.ഐ.യു-II | 1.ശ്രീ. അടൂർ പ്രകാശ്, മുൻ റവന്യൂ വകുപ്പ് മന്ത്രി<br>2.ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായവകുപ്പ് മന്ത്രി | എറണാകുളത്തെ പുത്തൻ വേലിക്കര, തൃശ്ശൂരിലെ മടത്തുംപടി എന്നീ വില്ലേജുകളിൽപ്പെട്ട 127 ഏക്കറോളം നെൽവയലുകൾ നികത്തി ഐ. റ്റി പാർക്ക് നിർമ്മിക്കുന്നതിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് | കേസിന്റെ വസ്തുതാറിപ്പോർട്ട് അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) പരിശോധിച്ച് തുടരന്വേഷണത്തിന് ശിപാർശ ചെയ്യുകയും ആയതിനുള്ള നടപടികൾ പൂർത്തിയായി വരികയും ചെയ്യുന്നു. |
| 5. | വി.സി 06/12/ഇ.ആർ.കെ | ശ്രീ. പി .ജെ. ജോസഫ്, മുൻ ജലസേചനവകുപ്പ് മന്ത്രി | ഇടുക്കി ജില്ലയിലെ നാടുകാണി ഗാന്ധിജി സ്റ്റഡി സെന്ററിലെ കിഴക്കുഭാഗം 7 സെന്റ് സർക്കാർ വനഭൂമി അനധികൃതമായി കൈയേറിയത് സംബന്ധിച്ച്. | അന്വേഷണം പൂർത്തിയായി തുടർനടപടികൾ ആവശ്യമില്ലെന്ന ശിപാർശയോടെ ബഹു. കോടതിയിൽ സമർപ്പിച്ച അന്തിമറിപ്പോർട്ട് കോടതി അംഗീകരിച്ച് തുടർനടപടികൾ അവസാനിപ്പിച്ചു. |
| 6. | വി.സി. 07/13/ടി.എസ്.ആർ | ശ്രീ. പി. ജെ. ജോസഫ് മുൻ ജലസേചന വകുപ്പ മന്ത്രി. | അനധികൃത വാട്ടർ കണക്ഷൻ നൽകിയതു സംബന്ധിച്ച് | 31/12/13-ൽ ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ച അന്തിമ റിപ്പോർട്ട് 30/12/16-ൽ കോടതി അംഗീകരിച്ച് തുടർ നടപടി അവസാനിപ്പിച്ചു. |

| | | | | |
|---|---|---|---|---|
| 7. | വി.സി. 03/17/ഐ.ഡി.കെ | മുൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ .അനൂപ് ജേക്കബ് | റേഷൻ സാധനങ്ങൾ അനധികൃതമായി മറിച്ചുവിറ്റ മൂന്നാം കുറ്റാരോപിതനായ ഇടുക്കി പോരിങ്ങാശ്ശേരി എ.ആർ.ഡി 100 നമ്പർ ലൈസൻസി റേഷൻ വ്യാപാരി ശ്രീ. സെയ്ദു മുഹമ്മദിനെ സംരക്ഷിച്ചുകൊണ്ട് ഒന്നാം കുറ്റാരോപിതൻ തൊടുപുഴ താലൂക്ക് സപ്ലൈ ഓഫീസർ ശ്രീ. ടി. എസ്. സുരേന്ദ്രബാബു രണ്ടാം കുറ്റാരോപിതൻ ശ്രീ. അനൂപ് ജേക്കബ് എന്നിവർ തങ്ങളുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു. | ബഹു. ഹൈക്കോടതി അന്വേഷണം റദ്ദ് ചെയ്തു. അന്തിമറിപ്പോർട്ട് ബഹു. മൂവാറ്റുപുഴ വിജിലൻസ് കോടതി മുമ്പാകെ 28/12/2018 തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്. അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല. |
| 8. | വി.സി 06/17/ടി.എസ്.ആർ | മുൻ കൃഷിവകുപ്പ് മന്ത്രി ശ്രീ. കെ. പി. മോഹനൻ | Compulsory notification of vacancies Act ഉം കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിന്റെ 9(എ)(1) വകുപ്പും ലംഘിച്ച് കേരള ഫീഡ്സ് ലിമിറ്റഡ് ഇരിങ്ങാലക്കുടയിൽ 12 ഫീൽഡ് അസിസ്റ്റന്റുമാരെ നിയമിച്ചു. | പ്രഥമ വിവര റിപ്പോർട്ട് ബഹു. ഹൈക്കോടതി 12/01/2018 ൽ റദ്ദ് ചെയ്തിട്ടുണ്ട്. |
| 9. | വി.സി. 01/19/ഇ.കെ.എം | മുൻ പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ.ഇബ്രാഹിം കുഞ്ഞ് | പാലാരിവട്ടം പാലം നിർമ്മാണ അഴിമതി | അന്വേഷണം പുരോഗമിച്ച വരുന്നു. |
| 10. | വി.സി. 02/2020/എസ്.സി.റ്റി | മുൻ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. വി. എസ്. ശിവകുമാർ | അനധികൃത സ്വത്ത് സമ്പാദ്യം | കേസ് അന്വേഷണഘട്ടത്തിൽ |
| 11. | ക്യു.വി 56/17/എസ്.ഐ.യു -I | മുൻ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. വി. എസ്. ശിവകുമാർ | സ്വകാര്യ മേഖലയിലെ മെഡിക്കൽ കോളേജുകൾക്ക് എൻ. ഒ. സി നൽകിയതിനെ സംബന്ധിച്ച് | സത്വരാന്വേഷണം അന്വേഷണ ഘട്ടത്തിലാണ് |

മുൻ മന്ത്രിമാരായ ശ്രീ. സി. എൻ. ബാലകൃഷ്ണൻ, ശ്രീ. കെ. എം. മാണി എന്നിവർ മരണപ്പെട്ടതിനാൽ അവർക്കെതിരായ വിജിലൻസ് കേസുകളുടെ വിശദാംശങ്ങൾ ഈ പട്ടികയിൽ ഉൾകൊള്ളിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ